# കയ്യൊപ്പ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

ഇ. എ. എൽ. പി. എസ്

ഇലവുങ്കൽ

# ആമുഖം

മാർത്തോമ സഭയുടെ നിയന്ത്രണത്തിൻ കീഴിൽ കങ്ങഴ പഞ്ചായത്തിലെ 8ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഇ.എ.എൽ.പി സ്കൂൾ ഇലവുങ്കൽ. 5-10-1095ാം ആണ്ട് ഗവൺമെന്റ് അംഗീകാരത്തോടുകൂടി പ്രവർത്തനം ആരംഭിച്ചു. പ്രാരംഭകാലം മുതൽ തന്നെ മികവുറ്റ വിദ്യാർത്ഥികളെ വാർത്തെടുക്കുവാൻ ഈ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്. ഇ.എ.എൽ.പി, സ്കൂൾ ആസ്ഥാനം തിരുവല്ലയാണ്. ഇപ്പോഴത്തെ സ്കൂൾ മാനേജർ കുരുവിള മാത്യു ആണ്.

മാർത്തോമ മാനേജ്മെന്റ്, പി.ടി.എ, SSA, ടീച്ചേഴ്സ് തുടങ്ങിയവരുടെ സഹായ സഹകരണത്തോടുകൂടി പല പദ്ധതികളും ആവിഷ്കരിച്ചു. നടപ്പിലാക്കാൻ ഈ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ മികവുറ്റ അക്കാദമിക പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന ഇ.എ.എൽ.പി സ്കൂൾ ഇലവുങ്കൽ മികച്ച വിദ്യാഭ്യാസ സേവനങ്ങളുമായി 107 വർഷം പിന്നിട്ടു കഴിഞ്ഞു.

# ഭൗതിക സൗകര്യങ്ങൾ- ഇനിയും ആവശ്യമുള്ളത്

| SL NO | ഇനം | എണ്ണം | നിലവിലുള്ളത് | ഇനിയും വേ |
|---|---|---|---|---|
| 1. | ക്ലാസ്സ്മുറി | 5 | 5 | - |
| 2. | ഡെസ്ക് | 12 | 12 | - |
| 3. | ബെഞ്ച് | 12 | 12 | - |
| 4. | മേശ | 5 | 5 | |
| 5. | സ്ക്രീൻ | 5 | 5 | - |
| 6. | ലാപ്ടോപ്പ് | 1 | 1 | 4 |
| 7. | കമ്പ്യൂട്ടർ റൂം | - | - | 1 |
| 8. | ലൈബ്രറി റൂം | - | - | 1 |

# പഠനോപകരണങ്ങൾ

## പാഠപുസ്തകം, വർക്ക്ബുക്ക്, യൂണിഫോം

STD I മുതൽ IV വരെ എല്ലാ കുട്ടികൾക്കും പാഠപുസ്തകങ്ങൾ വിതരണം ചെയ്തു. SSA എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം കൊടുത്തു

## 2024 - 2025 സ്കോളർഷിപ്പ്

പങ്കെടുത്തവർ - 1 , കഴിഞ്ഞ വർഷം L.S.S കുട്ടികൾക്ക് കിട്ടിയില്ല.

## പഠനാന്തരീക്ഷം

മികച്ച അക്കാദമിക് നിലവാരം പുലർത്തുന്ന ഒരു സ്കൂളാണിത്.

## ENGLISH FEST

മാനേജരുടെ നിർദ്ദേശപ്രകാരം 2 മാസം കൂടുമ്പോൾ English Fest നടത്തുന്നുണ്ട്. കുട്ടികൾ conversation, Rhymes, Drama, simple questions ഇവ പരിപാടിയിൽ അവതരിപ്പിക്കും

# 2025 - 2026-ലെ അക്കാദമിക പ്രവർത്തനങ്ങൾ

## ജലസംരക്ഷണം

ഇതിന്റെ ഭാഗമായി ടാപ്പിൽനിന്ന് വെള്ളം എടുത്ത് ആവശ്യങ്ങൾ നിറവേറ്റിയിരുന്നിടത്ത് ഓരോ ക്ലാസിനും ബക്കറ്റും മഗ്ഗും നൽകി വെള്ളം ആവശ്യത്തിന് പിടിച്ചെടുത്ത് ഉപയോഗിക്കാൻ തുടങ്ങി.

## ഗണിതോത്സവം

ഓരോ ക്ലാസിലും ഗണിതപഠനത്തിന്റെ ഭാഗമായി നിർമ്മിച്ച പാറ്റേണുകൾ, ചാർട്ടുകൾ, ജ്യാമിതീയ രൂപങ്ങൾ, മാതൃകകൾ, മെട്രിക് അളവുകൾ എന്നിവയുമായി നിർമ്മിച്ച പലതും പ്രദർശന വസ്തുക്കളായി ഒരുക്കി.

## ശാസ്ത്രോത്സവം

ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ, ലഘുവിവരണങ്ങൾ, ചാർട്ടുകൾ, ലഘുപരീക്ഷണങ്ങൾ കുറിപ്പുകൾ ശാസ്ത്രഗാലറി പ്രദർശനം എന്നിവ ഒരുക്കിയിരുന്നു.

## പ്രവൃത്തിപരിചയം

പ്രവൃത്തിപരിചയത്തിന്റെ ഭാഗമായി എല്ലാ മാസവും ഒരു ഉൽപന്നം വീതം ക്ലാസിൽ ചെയ്തുപഠിപ്പിക്കുന്നു.

(ഉദാ: ചിത്രശലഭങ്ങൾ, റോസാപ്പൂവ്, ഫ്ലവർവേസ്, ഒറിഗാമി. പ്രവർത്തനങ്ങൾ)

## മീഠിഹിന്ദി

മീഠിഹിന്ദിയുടെ ഭാഗമായി ഒന്നാം ക്ലാസ് മുതൽ 4ാം ക്ലാസ് വരെയുള്ള കുട്ടികളെ അക്ഷരങ്ങളും ചെറിയ ചെറിയ വാക്കുകളും അഭ്യസിപ്പിക്കുന്നു.

## ഹലോ ഇംഗ്ലീഷ്

ഇതിന്റെ ഭാഗമായി തുടക്കത്തിൽ തന്നെ എല്ലാ മാസവും ഇംഗ്ലീഷ് ടെസ്റ്റ് നടത്തിവരുന്നു. Drama, Skit, Rhyme, Action song, conversation, Story telling എന്നിവ നടത്തുകയും എല്ലാ മാസവും പി.ടി.എ, ലോക്കൽ മാനേജർ എന്നിവരെ ഇതിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു.

## സ്കൂൾ ലൈബ്രറി

സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കാൻ നൽകുകയും സ്കൂൾ ലൈബ്രറി പുസ്തകങ്ങളുടെ പ്രദർശനവും, മികച്ച വായനക്കാരെ കണ്ടെത്തി സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

## ശാസ്ത്രലാബ്

ശാസ്ത്രലാബിന്റെ അഭാവത്തിൽ ക്ലാസുകളിൽ ലഘുപരീക്ഷണങ്ങൾ ചെയ്തുവരുന്നു. പരീക്ഷണ കുറിപ്പുകൾ എഴുതി സൂക്ഷിക്കുന്നു.

## പോർട്ട്ഫോളിയോ

ഓരോ വിഷയത്തിന്റെയും രചനകൾ, സാമഗ്രികൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കുന്നതിനായി ഓരോ കുട്ടിക്കും ഓരോ ഫയൽ നൽകി അതിൽ സൂക്ഷിക്കും

# ഉച്ചഭക്ഷണം

തിങ്കൾ : ചോറ്, പുളിശ്ശേരി, തോരൻ, പാൽ

ചൊവ്വ : ചോറ്, എരിശ്ശേരി, തോരൻ(ഇലക്കറി)

ബുധൻ : ചോറ്, പുളിശ്ശേരി, തോരൻ, പാൽ

വ്യാഴം : ചോറ്, സാമ്പാർ, തോരൻ, മുട്ട

വെള്ളി : ചോറ്, സാമ്പാർ, തോരൻ (ചീര)

| NO | Programme | Duration | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ മലയാളത്തിളക്കം, ~~[illegible]~~, മധുരം മലയാളം | 2 months | പുസ്തകങ്ങൾ CD | PTA |
| 2. | കുട്ടികളെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 6 months | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി ഗ്രന്ഥശാല പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായനാമൂല | SCERT BRC ഗ്രന്ഥശാല PTA |
| | കുട്ടികളെ മികച്ച എഴുത്തുകാരനാക്കുക. എഴുത്തുകൂട്ടം | 6 months | ലൈബ്രറി പുസ്തകങ്ങൾ | BRC PTA SCERT |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക |
| --- | --- | --- | --- | --- |
| മധുരംമലയാളം:<br>മലയാളം ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | • എഴുത്ത്, വായന<br>• ടെസ്റ്റ്നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക | ജൂലൈ-ഡിസംബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക |
| --- | --- | --- | --- | --- |
| നല്ലെഴുത്ത്:<br>കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടൽ | • ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ<br>• നന്നായി എഴുതുന്ന കുട്ടികളെ കണ്ടെത്താനായി കയ്യെഴുത്ത് മത്സരം നടത്തുകയും സമ്മാനം നൽകുകയും ചെയ്യൽ<br>• ചിത്രകഥ തയ്യാറാക്കൽ | ജൂലൈ-ഡിസംബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| ഭാഷാശേഷി വികസനം | • വായനാക്കാർഡുകളുടെ നിർമ്മാണം (മോഡൽ നൽകി, മത്സരം നടത്തി മികച്ചത് കണ്ടെത്തി A4 ൽ ഷീറ്റുകൾ നൽകി വായനാകാർഡ് നിർമ്മിക്കൽ<br>• മലയാളക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ പദനിർമ്മാണം, കവിതാപൂരണം<br>• വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br>• കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക . | ജൂൺ - ഡിസംബ | | |

# ENGLISH

## ACTIVITIES

1. ഒരു പഠനത്തൊന്നിലധികം പരമാവധി കുട്ടികൾക്ക് ഇംഗ്ലീഷിലുള്ള വീഡിയോ ഓഡിയോ ക്ലിപ്പുകൾ കാണുന്നതിനും കേൾക്കുന്നതിനും ധാരാളം അവസരം ഒരുക്കുക.

2. എല്ലാ ക്ലാസുകളിലും ക്ലാസ്റൂം പ്രവർത്തനങ്ങൾക്ക് കൂടുതൽ സമയം കണ്ടെത്തുക

3. ഓരോ ക്ലാസിലും ഇംഗ്ലീഷ് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വായനാസാമഗ്രികൾ തയ്യാറാക്കി അതിന്റെ സഹായത്തോടെ വായനയുടെ വിവിധങ്ങളായ രീതികൾ പരിചയപ്പെടുത്തുക. വായനയ്ക്ക് താൽപര്യം ജനിപ്പിക്കുന്ന തരത്തിലുള്ള ചെറിയ കഥാപുസ്തകങ്ങൾ, കവിതാപുസ്തകങ്ങൾ എന്നിവ ഓരോ ക്ലാസിലും സജ്ജീകരിക്കുക.

4. വായനാസമയം ഉച്ചയ്ക്ക് 12:45 മുതൽ 1:30 വരെ ക്രമീകരിക്കുക.

5. ഓരോ ഘട്ടത്തിലും മോണിറ്ററിംഗ് നടത്തി പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ സഹായിക്കുക.

6. ഇംഗ്ലീഷ് അസംബ്ലി (Rhyme, Thoughts) ദിനാചരണവുമായി ബന്ധപ്പെട്ട English ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കുക.

7. എല്ലാ മാസവും അതാതു ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട choreography, Recitation, action song, Drama, Story എന്നിവ PTA മുമ്പാകെ അവതരിപ്പിക്കുക. ബാലസഭയിൽ അവതരിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പദാവലി പോഷണത്തിനുള്ള വിവിധ പഠനസന്ദർഭങ്ങൾ ഒരുക്കുന്നു | • പാഠത്തിൽ കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ | | |
| | • പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ജൂലൈ | | |
| | • English story, Rhyme എന്നിവ ICT സാധ്യത ഉപയോഗിച്ച് കേൾപ്പിക്കൽ | മാസത്തിൽ 1 പ്രാവശ്യം | | |
| | • A word a day - ദിവസവും ഓരോ പുതിയ വാക്ക് Bulletin board-ൽ പരിചയപ്പെടുത്തുന്നു. അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ 2 പ്രാവശ്യം | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗ്രാമർ സ്കൂൾ<br>വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ | വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവ് നേടൽ | | | |

# സ്കൂൾ ചരിത്രം

1083-ാം മാണ്ടത്തെ ആത്മീയ ഉണർവ്വിന്റെ ഫല-
മായി ഒരുതാനും ചേരമവർഗ്ഗക്കാർ ആനിക്കാട് പ്രദേശത്തു സഭയിൽ
വന്നു ചേർന്നു. സുവിശേഷ പ്രവർത്തകനായിരുന്ന പേക്കുഴി മേപ്പുറത്ത
മത്തായി ആശാൻ കൃഷിസൗകര്യാർത്ഥം ഒരുതാനും സഭാംഗങ്ങളെയും
കൂട്ടി കണ്ടുഴയിൽ വന്നു. തൈയിൽ കുടുംബക്കാരോട് 61 ഏക്കർ സ്ഥലം
വാങ്ങി ഇപ്പോൾ മന്നാ സ്ഥലത്തു ഷെഡ് വച്ചു ആരാധന നടത്തിവന്നു.
പല കുടുംബക്കാരും സഭയിൽ ചേർന്നു. കണ്ടുഴ അക്കാലത്ത് കാട്ടുപ്രദേശ-
മായിരുന്നു. സഭാജനങ്ങളുടെയും ഇതരമതസ്ഥരുടെയും വിദ്യാഭ്യാസത്തിനായി
മത്തായി ആശാൻ കുടിപ്പള്ളിക്കൂടം ആരംഭിച്ചു. കുറേവർഷങ്ങൾ കഴിഞ്ഞ്
മത്തായി ആശാൻ ജോലിയിൽ നിന്നു പിരിഞ്ഞു. തൽസ്ഥാനത്തു ചെറുകുള-
ത്തിൽ പാപ്പി ഉപദേശി കുറച്ചുകാലം സേവനമനുഷ്ഠിച്ചു.
അതിനുശേഷം 5-10-1095-ാം മാണ്ട് ഗവൺമെന്റ്
അംഗീകാരത്തോടുകൂടി പുതുക്കാട്ട് പി. ഇ. ഏബ്രഹാം സാർ പ്രൈമറി
സ്കൂളിന്റെ 1-ാം ക്ലാസ് ആരംഭിച്ചു. ഒന്നാം സ്കൂൾ കണ്ടത്തിലും
ജനവസ്തുവിലും അല്പകാലം ഇപ്പോൾ സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം
പുത്തൻപുരയിൽ മത്തായി വർഗീസിനോട് വിലയ്ക്കുവാങ്ങി ഷെഡ് വച്ചു. ഇലവുങ്ക-
ൽ ഇ. ഐ. എൽ. സ്കൂൾ എന്ന പേരോടുകൂടി പഠനം തുടർന്നു. സുവി-
ശേഷ സംഘത്തിന്റെയും സ്ഥലവാസികളുടെയും സഹായ സഹകരണത്തോ-
40 അടി നീളത്തിൽ കെട്ടിടം തീർത്തു. പിന്നീട് പി. ഇ. ഏബ്രഹാം
സാറിന്റെയും സ്ഥലവാസികളുടെയും ശ്രമഫലമായി 46 അടി നീളത്തിൽ
കെട്ടിടം പണിതു പൂർണ്ണ പ്രൈമറി സ്കൂളായി തീർന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദപ്രശ്നംനിർമ്മാണങ്ങളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ ആശയവിനിമയം സാധ്യമാകുന്നു. | • ഇംഗ്ലീഷ് story, Rhyme, Description എന്നിവ പൊതുപരിപാടികളിൽ അവതരിപ്പിക്കൽ<br>• കളികളിലൂടെ ഇംഗ്ലീഷ് പഠനം<br>• ഇംഗ്ലീഷ് സ്കിറ്റ് അവതരണം<br>• കടംകഥയ്ക്ക് ഉത്തരം കണ്ടെത്തൽ | നവംബർ-മാർച്ച്<br>ഒക്ടോബർ മാർച്ച്<br>ഫെബ്രുവരി മാസത്തിൽ 2 | | |

# ഗണിതം

1. ഗണിതകേളി, പാട്ട് എന്നിവയിലൂടെ ഗണിതം ആസ്വദിക്കുവാനുള്ള അവസരം ഉണ്ടാക്കുന്നു.
2. pre-test നടത്തി ഗണിതത്തിന്റെ അടിസ്ഥാന അറിവുകൾ നേടാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തുക.
3. SRG യിൽ ചർച്ച ചെയ്ത് പ്രവർത്തന മേഖലകൾ നിശ്ചയിക്കുക.
4. ഗണിതരൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ നൽകുക.
5. കണക്കിലെ കളികൾ
6. വ്യത്യസ്ത അളവുകൾ പരിചയപ്പെടുത്തുക.
7. ഭാരം, അളവ്, നീളം, ഉള്ളളവ് കൃത്യതപ്പെടുത്തി ഉപകരണങ്ങൾ പരിചയപ്പെടുത്തൽ
8. ചിത്രപാറ്റേൺ, ടാൻഗ്രാം എന്നിവയിലൂടെ ജ്യാമിതീയ ലോകത്തെത്തിക്കൽ
9. പഠനോപകരണ നിർമ്മാണം
10. വിവര സാങ്കേതിക വിദ്യയെ ഗണിതപഠനവുമായി ബന്ധിപ്പിക്കൽ

| NO | Programme | Duration | പിന്തുണ |
| --- | --- | --- | --- |
| 1. | ഗണിത ലാബ് (സംഖ്യാബോധം, സ്ഥാനവില, ആരോഹണം അവരോഹണം, നീളം, തൂക്കം, ഉള്ളളവ്) | 6 months | class teacher |
| 2. | ഗണിത ക്വിസ് സമയം കലണ്ടർ നീളം (km, m, cm) | 1 വർഷം | SRG class Teacher |
| 3. | പ്രശ്നപരിഹരണ ക്രിയകൾ | 1 വർഷം | class Teacher |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|
| ചതുഷ്കോണങ്ങൾ, ത്രികോണങ്ങൾ എന്നിവയിൽ ശേഷി വളർത്താനുള്ള സന്ദർഭങ്ങൾ | • പഠനനിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ-ഡിസംബർ | |
| | • പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ജൂലൈ | |
| | • പഠനസാമഗ്രികൾ-ശില്പശാല | സെപ്തംബർ | |
| | • കളികളിലൂടെ ഗണിതാശയങ്ങൾ ഉറപ്പിക്കൽ | | |
| | • പദപ്രശ്നങ്ങൾ, ഗണിത ക്വിസ് ഗണിത പസിലുകൾ എന്നിവ പ്രദർശിപ്പിച്ച് ഉത്തരം കണ്ടെത്തൽ | മാസത്തിൽ 1 പ്രാവശ്യം | |
| | • ICT സാധ്യതകൾ പ്രയോജനപ്പെടുത്തി ചതുഷ്കോണങ്ങൾ ഉറപ്പിക്കുന്നു. | ഒക്ടോബർ | |
| | • ഗണിതച്ചാർട്ട് നിർമ്മാണം. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| മേളകൾ<br>ഗണിതം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കൽ | ഗണിതം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുന്നതിനായി സ്കൂൾ ഗണിത മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ 1 പ്രാവശ്യം | ഗണിത ക്ലബ് | – |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഗണിത ലാബ് സജ്ജീകരണം :<br>ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ<br>ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | SRG<br>ഗണിതക്ലബ് | – |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം സംസ്കാരം എന്നിവയെക്കുറിച്ച് കൂടുതൽ അറിയാനും അന്വേഷിക്കാനുമുള്ള അവസരം ലഭ്യമാക്കുന്നു. വിവരശേഖരണം നടത്തുന്നു. | നാടിനെ അറിയാം<br>സ്വന്തം വാർഡ്, പഞ്ചായത്ത്, ജില്ല എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേർപ്പെടുന്നു.<br>പഞ്ചായത്തിന്റെ ഭൂപടത്തിൽ സ്കൂളിന്റെ വാർഡ് സ്വന്തം വാർഡ് എന്നിവ തിരിച്ചറിയുന്നു.<br>വാർഡിന്റെ ഭൂപടം വരച്ച് സ്ഥലങ്ങൾ തിരിച്ചറിയുന്നു പ്രാധാന്യം മനസ്സിലാക്കുന്നു<br>സ്വന്തം ജില്ലയുടെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു വിവരശേഖരണം നടത്തുന്നു. പതിപ്പാക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഹരിതവീഥി | വീട്ടിലും വിദ്യാലയത്തിലും പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമ്മാണം-പരിപാലനം | ജൂൺ-മാർച്ച് | | |
| ഔഷധോദ്യാനം | ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കൽ, അവയുടെപ്രത്യേകതകൾ, ഉപയോഗം എന്നിവ രേഖപ്പെടുത്തൽ | ജൂൺ-മാർച്ച് | | |

## ഉപസംഹാരം:

അറിവാണ് ധനം. മനുഷ്യന് അറിവു നേടി കൊടുക്കുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് ചെറുതല്ല. ഒരുവനെ പരിഷ്കൃതനും സ്വതന്ത്രനും ബഹുമാനിതനുമാക്കുന്ന ഉത്കൃഷ്ടവും അനസ്യൂതവുമായ പ്രക്രിയയാണ് വിദ്യാഭ്യാസം. ഈ രംഗത്ത് ഇപ്പോൾ സ്വകാര്യവൽക്കരണം ദുർവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഇതിന് ഒരുമാറ്റം അനിവാര്യമാണ്. ഇതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാലയ സംരക്ഷണ യജ്ഞം. സ്നേഹവും പരിഗണനയും സ്വയം പ്രകാശനത്തിനുള്ള അവസരങ്ങളും അംഗീകാരവും എല്ലാ കുട്ടികൾക്കും ലഭിക്കുന്നിടമായി പൊതുവിദ്യാലയങ്ങളെ മാറ്റാൻ ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

# പൊതുലക്ഷ്യം

കുട്ടികൾക്ക് മികച്ച രീതിയിലുള്ള ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കി നൽകുക എന്നതാണ് പൊതുവായ ലക്ഷ്യം. മികച്ച രീതിയിലുള്ള വിദ്യാഭ്യാസം നൽകുക വഴി പൊതു വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുകവഴി മികച്ച രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുവാനും ഈ അധ്യയന വർഷം ആഗ്രഹിക്കുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് മെച്ചപ്പെട്ട രീതിയിലുള്ള പരിശീലനം നൽകുവാനും പഠനത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും ഈവർഷത്തെ ലക്ഷ്യമായി കണക്കിടുന്നു.

# സ്കൂൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

മെച്ചമായ രീതിയിലുള്ള ഭൗതിക സാഹചര്യങ്ങളു
അപര്യാപ്തതയാണ് സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്ര
ങ്ങൾ. മാത്രമല്ല സ്കൂളിന്റെ സമീപപ്രദേശങ്ങളിൽ വർദ്ധിച്ചുവ
ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഒരുവലിയ ഭീഷണിയായി ഉയർന്നുവ
സ്കൂൾ കെട്ടിടങ്ങളുടെ മെച്ചമില്ലായ്മ, വാഹനസൗകര്യത്തിന്റെ അപ
പ്തത എന്നിവ പ്രധാന പ്രശ്നങ്ങളാണ്. ICT സാധ്യതകൾ ഉപയോഗ
ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള കമ്പ്യൂട്ടറുകളുടെ അഭാവ
എന്നും ഒരു പ്രശ്നമായി തുടരുന്നു.

# അക്കാദമിക നിലവാരം - 2025-2026

| STD | ആകെ കുട്ടികൾ | നിലവാരം (A.B.C) | ശതമാനം |
|---|---|---|---|
| I | 5 | | |
| II | 2 | | |
| III | 10 | | |
| IV | 4 | | |

## രക്ഷിതാക്കളുടെ തൊഴിൽ

| SL.NO | തൊഴിൽ | എണ്ണം | ശതമാനം. |
|---|---|---|---|
| 1. | കൂലിപ്പണി | 5. | |
| 2. | സ്വയം തൊഴിൽ | 2 | |
| 3. | പ്രൈവറ്റ് | 3 | |

# ഇപ്പോഴത്തെ അവസ്ഥ

കുട്ടികളുടെ എണ്ണം 2025-2026

| STD | ALL COMMUNITIES | | | SC | ST | OBC | | CWSN |
|---|---|---|---|---|---|---|---|---|
| | B | G | TOTAL | | | B | G | |
| 1 | 3 | 2 | 5 | | | | | |
| II | - | 2 | 2 | | | | | |
| III | 7 | 3 | 10 | | | | | |
| IV | 4 | - | 4 | | | | | |

## കൊഴിഞ്ഞു പോയവർ, പഠനം നിർത്തിയവർ

ഇല്ല. TC വാങ്ങി മറ്റു സ്കൂളിലേക്ക് 5 പേർ പോയി 2024-2025 ആണ് പോയത്

# ദിനാചരണങ്ങൾ

## പ്രവേശനോത്സവം

ഇ.എ.എൽ.പി സ്കൂളിന്റെ പ്രവേശനോത്സവം 02-06-2025 ന് 10 മണിക്ക് സ്കൂൾ അങ്കണത്തിൽ ആഘോഷിച്ചു. സ്കൂളും പരിസരവും ബാനർ, തോരണം, പൂക്കൾ, ബലൂണുകൾ എന്നിവകൊണ്ട് അലങ്കരിച്ചു. ലോക്കൽ മാനേജർ റവ. ഫാദർ ഫിലിപ്പ് എം.എ യുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗ് വാർഡ് മെമ്പർ ശ്രീമതി. വിജയ ശശികുമാർ ഉദ്ഘാടനം നടത്തുകയും തുടർന്ന് പി.ടി.എ. വൈസ് പ്രസിഡന്റും, അധ്യാപകരും ആശംസകൾ അറിയിക്കുകയും ചെയ്തു. വന്നു ചേർന്ന എല്ലാവർക്കും Snacks നൽകുകയും പാഠപുസ്തകങ്ങൾ വിതരണം ചെയ്യുകയും തുടർന്നുള്ള ദിവസങ്ങളിലെ ക്രമീകരണങ്ങളെക്കുറിച്ച് പറയുകയും ചെയ്തു.

## പരിസ്ഥിതി ദിനാചരണം

ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് രാവിലെ അസംബ്ലിയിൽ പരിസ്ഥിതി ദിനാചരണത്തിന്റെ പ്രാധാന്യത്തെപറ്റി കുട്ടികൾക്ക് ക്ലാസെടുക്കുകയും കുട്ടികളും അധ്യാപകരും ചേർന്ന് പരിസ്ഥിതി ദിന പ്രതിജ്ഞ നടത്തുകയും ചെയ്തു. തുടർന്ന് കുട്ടികളും അധ്യാപകരും ചേർന്ന് വൃക്ഷത്തൈകളും ചെടികളും നടുകയും സ്കൂളും പരിസരവും വൃത്തിയാക്കുകയും ചെയ്തു. കൂടാതെ മഴക്കുഴി, പച്ചക്കറിത്തോട്ടം നിർമ്മിക്കുകയും ചെയ്തു.

തുടർന്ന് പരിസ്ഥിതി ദിനക്വിസ്, പോസ്റ്റർ മത്സരങ്ങൾ എന്നിവ നടത്തുന്നതിനും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളെയും പങ്കാളികളാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ

ഭാഗമായി മഴക്കുഴികൾ വീടുകളിൽ നിർമ്മിക്കുന്നതിനുള്ള തീരുമാനം

എടുക്കുകയും ചെയ്തു.

## വായനാദിനാചരണം

വായനാദിനാചരണം ജൂൺ 19ാം തീയതി HM ഉദ്ഘാടനം നടത്തി ആരംഭിച്ചു. സ്കൂൾ അസംബ്ലിയിൽ വായനയുടെ പ്രാധാന്യത്തെക്കുറിച്ചും, ആവശ്യകതയെക്കുറിച്ചും ഒരു ചെറു പ്രസംഗം നടത്തി എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ, പാത്തുമ്മയുടെ ആട് തുടങ്ങിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുകയുമുണ്ടായി. വായനാവാരത്തിന്റെ അവസാന ദിവസം പുസ്തകപ്രദർശനവും വായനാമത്സരവും നടത്തുകയും മികച്ച വായനക്കാരെ കണ്ടെത്തുകയും ചെയ്തു. തുടർപ്രവർത്തനമായി കുട്ടികൾ വായിക്കുന്ന പുസ്തകങ്ങളുടെ കുറിപ്പുകൾ തയ്യാറാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങളും നൽകുകയുണ്ടായി.

# അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| SL NO | പേര് | M/F | | പരിശീലനം ലഭിച്ചത് | പരിശീലനം ആവശ്യമുള്ളത് |
|---|---|---|---|---|---|
| 1. | അനീറ്റ മറിയം തോമസ് | F | SSLC<br>T.T.C | മലയാളം,<br>കണക്ക്<br>EVS, ഇംഗ്ലീഷ് | |
| 2. | ഹീര അനു ജോസഫ്<br>(Daily wages) | F | SSLC<br>Plus Two<br>T.T.C | ,, | |
| 3. | ജോമോൾ മേരി ജോൺ<br>(Daily wages) | F | SSLC<br>plus Two<br>TTC | ,, | കമ്പ്യൂട്ടർ പരിശീലനം |
| 4. | രാഖി.പി. മോഹനൻ<br>(Daily wages) | F | SSLC<br>plus Two<br>TTC | ,, | കമ്പ്യൂട്ടർ പരിശീലനം |